ശ്രീ. പി. എം. മക്കോസ് : കിട്ടിയിട്ടുള്ള പരാതികളെപ്പറ്റി അന്വേഷണങ്ങൾ നടത്തി നടപടികൾ എടുക്കാൻ അധികാരമുള്ളത് ഏതു ഉദ്യോഗസ്ഥനാണ് ?

ശ്രീ. കെ. ഐ. വേലായുധൻ : ട്രാൻസ്പോർട്ട് ഡയറക്ടർ.

ശ്രീ. എ. എം. മത്തായി : പ്രൈവറ്റ് ബസ്സുകളിൽ നടക്കുന്ന അനതികളെപ്പറ്റി നടപടി എടുക്കേണ്ടത് ഏതു ഉദ്യോഗസ്ഥനാണ് ?

ശ്രീ. കെ. ഐ. വേലായുധൻ : കേസുകളുടെ സ്വഭാവം അനുസരിച്ച് അധികാരമുള്ള ഉദ്യോഗസ്ഥന്മാരാണ്. മിക്കവാറും പോലീസ് ഡിപ്പാർട്ടുമെൻറിൽനിന്നുമായിരിക്കും നടപടി നടത്തുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : ഈയിടെ തോട്ടപ്പള്ളിയിൽവച്ച് ഒരു ബസ്സിൽ യാത്രചെയ്തുകൊണ്ടിരുന്ന ഒരു സ്ത്രീയോട് ആ വണ്ടിയിലെ ഡ്രൈവർ അപമര്യാദയായി പെരുമാറി എന്നുള്ളതിനെ സംബന്ധിച്ച് ഗവണ്മെൻറിലേക്ക് പരാതികൾ കിട്ടിയിട്ടില്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അതിന്മേൽ എന്ത് നടപടികളാണ് എടുത്തിട്ടുള്ളത് ?

ശ്രീ. കെ. ഐ. വേലായുധൻ : അതിലേക്കാവശ്യമുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

വാടകക്കെട്ടിടത്തിൽ നടത്തുന്ന പ്രൈമറിസ്കൂളുകൾ.

* 392. [19] ശ്രീ. പി. എം. മക്കോസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്ത് വാടകക്കെട്ടിടങ്ങളിൽ പ്രൈമറിസ്കൂളുകൾ നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എത്രയെല്ലാം സ്കൂളുകളാണെന്നും, ഓരോന്നിൻെറയും വാടക നിരക്ക് എന്താണെന്നും, ഈ ഇനത്തിൽ വർഷന്തോറും ഗവണ്മെൻറിന് എന്തു ചെലവുണ്ടെന്നും പറയാമോ ;

(സി) ഈ സ്കൂളുകൾ ഓരോന്നും വാടകക്കെട്ടിടത്തിൽ നടത്താൻ തുടങ്ങിയിട്ട് യഥാക്രമം ഇപ്പോൾ എത്ര വർഷങ്ങളായി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) വാടകക്കെട്ടിടങ്ങളിൽ പ്രൈമറിസ്കൂളുകൾ നടത്തുന്നുണ്ട്.

(ബി, സി) വിവരങ്ങൾ നൽകുന്ന ഒരു ലിസ്റ്റ് † മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. പി. എം. മക്കോസ് : വാടകയ്ക്ക് കൊടുക്കാൻവേണ്ടി കെട്ടിയിട്ടിരിക്കുന്ന കടകളിലാണ് ചില സ്ഥലങ്ങളിൽ പ്രൈമറിസ്കൂളുകൾ നടത്തുന്നതെന്നറിയാമോ ?

† Placed on the Library Table.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്കൂളുകൾ നടത്തുന്നതിനു വേണ്ടി ആരും വാടകയ്ക്കു് കെട്ടിടം ഉണ്ടാക്കിവയ്ക്കുന്ന പതിവു് ഇല്ല. അതു കൊണ്ടു് ചിലപ്പോൾ ബഹു: മെംബർ പറഞ്ഞതുപോലെ സംഭവിക്കാനിടയുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള : പ്രൈമറിസ്കൂളുകൾ നടത്തുന്ന വാടകക്കെട്ടിടങ്ങൾക്കു് പകരം സ്ഥിരമായ പുതിയ കെട്ടിടങ്ങൾകെട്ടുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : വാടകക്കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതു ഉടമസ്ഥൻ തന്നെയാണോ അതോ ഗവണ്മെൻറിൽ നിന്നു വല്ല സഹായവും ചെയ്തുകൊടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉടമസ്ഥൻ തന്നെയാണു് അതിനുവേണ്ടി ചെലവു ചെയ്യേണ്ടതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ചില സ്കൂൾ കെട്ടിടങ്ങൾ അപകടകരമായ നിലയിലാണു് സ്ഥിതി ചെയ്യുന്നതെന്നുള്ള വിവരം അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വരാം.

ശ്രീ. പി. എം. മാക്കോസ് : തറയിൽ വീഴാറായ ഒരു കെട്ടിടത്തിനെ കമ്പികൊണ്ടു് കെട്ടിനിറുത്തി അവിടെ സ്കൂൾ നടത്തിക്കൊണ്ടിരിക്കയാണെന്നുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

വി. ആർ. ഡി. റോഡുകൾ.

*393. [20] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി. ആർ. ഡി. വകുപ്പിലുള്ള റോഡുകൾ മെയിൻറനൻസു നടത്തുവാൻ എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവ്വിധം റോഡുകളുടെ സംരക്ഷണച്ചുമതല എങ്ങനെ നടക്കണമെന്നാണു് ഗവണ്മെൻറ് നിബന്ധന ;

(സി) മെയിൻറനൻസിനു് ഏർപ്പാടില്ലാത്തതുമൂലം ഇത്തരം റോഡുകൾക്കു വേണ്ടി ചെലവഴിക്കുന്ന തുക വ്യർത്ഥമായിപ്പോകുന്നുണ്ടോ ;

(ഡി) ഈ റോഡുകൾ മെയിൻറനൻസു് നടത്തുവാൻ പി. ഡബ്ളിയു. ഡി—യെ ഏല്പിക്കുവാൻ അടിയന്തിരനടപടി എടുക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ടു്.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly